# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് ഇരുപത്തൊന്ന്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

### (9)

Sat ഈ ദൂതിൽ മലമേൽവച്ചുള്ള രാജാവിന്റെ വിളംബരത്തിന്റെ നാലാമത്തെ ഭാഗത്തിലേക്ക്, രാജ്യജനത്തിന്റെ നീതിപ്രവൃത്തികളെ സംബന്ധിച്ച 6:1-18-ലേക്ക്, നാം വരുന്നു.

## V. രാജ്യജനത്തിന്റെ നീതിപ്രവൃത്തികളെ സംബന്ധിച്ച്

### A. തത്ത്വം—മനുഷ്യരുടെ മുമ്പാകെ നിങ്ങളുടെ നീതിയെ ചെയ്യാതിരിക്കുക

5:17-48-ൽ ന്യായപ്രമാണത്തിന്റെ പൂർണ്ണമാക്കലും മാറ്റവും നാം കണ്ടു. ഈ വാക്യങ്ങളിൽ സ്വർഗരാജ്യത്തിന്റെ എല്ലാ പുതിയ പ്രമാണങ്ങളും നമ്മുടെ കോപത്തെയും, മോഹത്തെയും, സ്വാഭാവിക ആളത്തത്തെയും കുഴിച്ചെടുത്ത് തുറന്നുകാണിക്കുന്നു. അങ്ങനെ, ഈ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നത് നമ്മുടെ ബാഹ്യമായ പെരുമാറ്റത്തോട് ഇടപെടുന്ന ഒരുകാര്യമല്ല, നമ്മുടെ ഉള്ളിൽ ആഴമായി മറഞ്ഞിരിക്കുന്ന നമ്മുടെ കോപത്തോടും, നമ്മുടെ മോഹത്തോടും, നമ്മുടെ സ്വാഭാവിക ആളത്തത്തോടും ഇടപെടുന്ന ഒരു കാര്യമാണ്.

മത്തായി 6:1 പറയുന്നു, "എന്നാൽ മനുഷ്യർ വീക്ഷിക്കേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പാകെ ചെയ്യാതിരിക്കുവാൻ കരുതിക്കൊൾവിൻ; ഇല്ലെങ്കിൽ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ അടുക്കൽ നിങ്ങൾക്ക് പ്രതിഫലമില്ല." ഇവിടെ നീതി എന്നത് 2 മുതൽ 4 വരെയുള്ള വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്ന ഭിക്ഷ കൊടുക്കുന്നതും, 5 മുതൽ 15 വരെയുള്ള വാക്യങ്ങളിൽ കാണുന്ന പ്രാർഥിക്കുന്നതും, 16 മുതൽ 18 വരെയുള്ള വാക്യങ്ങളിലുള്ള ഉപവസിക്കുന്നതും പോലെയുള്ള നീതിപ്രവൃത്തികളെയാണ് കുറിക്കുന്നത്. ഈ വാക്യങ്ങൾ രാജ്യജനത്തിന്റെ നീതിപ്രവൃത്തികളെക്കുറിച്ചു സംസാരിക്കുന്നു

എന്നതിന് സംശയമില്ല. എങ്കിലും വാസ്തവത്തിൽ അവ സ്വയത്തെയും ജഡത്തെയും തുറന്നുകാണിക്കുന്നു. നമ്മുടെ ഉള്ളിൽ കോപത്തെയും മോഹത്തെയുംകാൾ വഷളായ ചിലതുണ്ട്. മോഹം എത്ര മോശമാണെന്ന് എല്ലാവർക്കും അറിയാം, എന്നാൽ സ്വയവും ജഡവും എത്ര മോശമാണെന്ന് അനേകം ക്രിസ്ത്യാനികൾക്കും അറിയില്ല. "സ്വയം," "ജഡം" എന്നീ പദങ്ങൾ ഈ വാക്യങ്ങളിൽ തീർച്ചയായും ഉപയോഗിച്ചിട്ടില്ല. എന്നിരുന്നാലും, സ്വയത്തെയും ജഡത്തെയും ഇവിടെ തുറന്നുകാട്ടിയിരിക്കുന്നു. നാം എത്രത്തോളം സ്വയത്താലും ജഡത്താലും നിറഞ്ഞിരിക്കുന്നുവെന്നു വെളിപ്പെടുത്തേണ്ടതിന് ഈ പതിനെട്ടു വാക്യങ്ങളിൽ കർത്താവ് മൂന്ന് ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കുന്നു—ഭിക്ഷ കൊടുക്കുന്നതും, പ്രാർഥിക്കുന്നതും, ഉപവസിക്കുന്നതും.

മനുഷ്യന്റെ ജഡം, അതിനെത്തന്നെ മഹത്വപ്പെടുത്തുവാൻ അന്വേഷിച്ചുകൊണ്ട്, എല്ലായ്പ്പോഴും മനുഷ്യരാൽ പുകഴ്ത്തപ്പെടേണ്ടതിന് അവരുടെ മുമ്പാകെ സൽപ്രവൃത്തികൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. എന്നാൽ ഒഴിക്കപ്പെട്ടതും താഴ്ത്തപ്പെട്ടതുമായ ആത്മാവിൽ ജീവിക്കുകയും, രാജ്യത്തിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ ശുദ്ധവും ഏകാഗ്രവുമായ ഹൃദയത്തിൽ നടക്കുകയും ചെയ്യുന്ന രാജ്യജനത്തിന് മനുഷ്യരുടെ പ്രശംസക്കുവേണ്ടി ജഡത്തിൽ യാതൊന്നും ചെയ്യുവാൻ അനുവാദമില്ല, പിന്നയോ അവർ തങ്ങളുടെ സ്വർഗീയ പിതാവിന്റെ പ്രസാദത്തിനുവേണ്ടി എല്ലാ കാര്യങ്ങളും ആത്മാവിൽ ചെയ്യണം.

രാജ്യജനത്തിന് ദൈവം അവരുടെ ദൈവം മാത്രമല്ല, അവരുടെ പിതാവും ആണ്. അവർ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവർ മാത്രമല്ല, അവർ പിതാവിനാൽ വീണ്ടുംജനിപ്പിക്കപ്പെട്ടവരും ആണ്. അവർക്ക് സൃഷ്ടിക്കപ്പെട്ട സ്വാഭാവിക മനുഷ്യജീവൻ മാത്രമല്ല, സൃഷ്ടിക്കപ്പെടാത്ത ആത്മികമായ ദിവ്യജീവനും ഉണ്ട്. തന്മൂലം, മലമേൽവച്ച് രാജാവിനാൽ വിളംബരം ചെയ്യപ്പെട്ട രാജ്യത്തിന്റെ പുതിയ പ്രമാണം അവർക്കു നൽകിയത്, അതിനെ തങ്ങളുടെ വീണുപോയ മനുഷ്യജീവനാലല്ല, പിന്നെയോ പിതാവിന്റെ നിത്യവും ദിവ്യവുമായ ജീവനാൽ പാലിക്കണമെന്നും മനുഷ്യന്റെ മഹത്വം നേടാനല്ല, പിന്നെയോ പിതാവിന്റെ പ്രതിഫലം സ്വീകരിക്കണമെന്നുമുള്ള ഉദ്ദേശത്തോടെയാണ്.

മൂന്നു ദൃഷ്ടാന്തങ്ങളിൽ ഓരോന്നിനെയും സംബന്ധിച്ച് സംസാരിക്കുമ്പോൾ കർത്താവ് "രഹസ്യത്തിൽ" എന്ന പദം ഉപയോഗിക്കുന്നു (വാ. 4, 6, 18). നമ്മുടെ നീതിപ്രവൃത്തികൾ നാം രഹസ്യത്തിൽ ചെയ്യണം, കാരണം നമ്മുടെ പിതാവ് രഹസ്യത്തിലാണ്. നമ്മുടെ പിതാവ് രഹസ്യത്തിൽ കാണുന്നു എന്ന് വാക്യം 4-ൽ കർത്താവു പറയുന്നു. സ്വർഗീയ പിതാവിന്റെ മക്കളെന്ന നിലയിൽ രാജ്യജനം പിതാവിന്റെ സന്നിധിയിൽ

ജീവിക്കുകയും പിതാവിന്റെ സാന്നിധ്യത്തിനുവേണ്ടി കരുതുകയും വേണം. പിതാവിന്റെ രാജ്യത്തിനുവേണ്ടി അവർ രഹസ്യത്തിൽ ചെയ്യുന്നതൊക്കെയും പിതാവ് രഹസ്യത്തിൽ കാണുന്നു. സ്വർഗീയ പിതാവ് രഹസ്യത്തിൽ കാണുന്നത് രഹസ്യത്തിലുള്ള അവരുടെ നീതിപ്രവൃത്തികൾ ചെയ്യുന്നതിനുള്ള പ്രോത്സാഹനമായിരിക്കണം. പിതാവ് മടക്കിത്തരുമെന്നും ഈ വാക്യത്തിൽ കർത്താവു പറഞ്ഞു. ഇത് ഈ യുഗത്തിൽ സംഭവിക്കുകയോ (2 കൊരി. 9:10-11) വരുന്ന യുഗത്തിൽ ഒരു പ്രതിഫലമായിരിക്കുകയോ ചെയ്യാം (ലൂക്കൊ. 14:14).

രഹസ്യത്തിൽ നമ്മുടെ നീതിപ്രവൃത്തികൾ ചെയ്യുന്നതിന്റെ പ്രയോജനം സ്വയവും ജഡവും കൊല്ലപ്പെടുന്നു എന്നതാണ്. തങ്ങളുടെ സൽപ്രവൃത്തികളുടെ ഒരു പ്രദർശനം നടത്തുവാൻ ഇന്ന് സമൂഹത്തിൽ ജനത്തെ അനുവദിക്കുന്നില്ലെങ്കിൽ അവർ അതു ചെയ്യുകയില്ല. തങ്ങളുടെ നീതിപ്രപൃത്തികളുടെ ഒരു പ്രദർശനം നടത്താനുള്ള ഒരു അവസരം ജനത്തിന് ഉള്ളിടത്തോളം, അവ ചെയ്യുവാൻ അവർക്ക് സന്തോഷമാണ്. ഇതാണ് ഇന്നത്തെ അധഃപതിച്ച ക്രിസ്തുമതത്തിന്റെ ശോചനീയമായ അനുഷ്ഠാനം, പ്രത്യേകിച്ചും സംഭാവന സ്വരൂപിക്കുന്ന കാര്യത്തിൽ. അത് പണം നൽകുന്നവർക്ക് ഒരു പ്രദർശനം നടത്താനുള്ള മികച്ച അവസരം നൽകുന്നു. പരസ്യപ്രദർശനം വലുതാണെങ്കിൽ കൂടുതൽ ആളുകൾ കൊടുക്കുവാൻ മനസ്സുള്ളവരാണ്. തീർച്ചയായും ഇങ്ങനെ പ്രദർശനം കാണിക്കുന്നത് ജഡത്തിൽനിന്നാണ്. നിങ്ങൾ എത്ര ഉദാരമനസ്കനാണെന്നു കാണിക്കുന്നതിനായി ദരിദ്രർക്ക് ഭിക്ഷ കൊടുക്കുന്നത് കോപത്തിന്റെയോ, മോഹത്തിന്റെയോ, സ്വാഭാവിക ആളത്തത്തിന്റെയോ ഒരു വിഷയമല്ല: അത് സ്വയത്തിന്റെ, അഥവാ ജഡത്തിന്റെ ഒരു വിഷയമാണ്. ഇങ്ങനെയുള്ള ഒരു രീതിയിൽ പ്രദർശനം നടത്തുന്നത് കേവലം നിങ്ങൾക്കായിത്തന്നെ പ്രശംസിക്കുന്നതാണ്. അങ്ങനെ, രാജ്യജനമെന്ന നിലയിൽ, നീതിപ്രവൃത്തികളെ സംബന്ധിച്ച നമുക്കുള്ള ഒരു അടിസ്ഥാന തത്ത്വം നമ്മുടേതായ ഒരു പ്രദർശനം ഒരിക്കലും നാം നടത്തരുതെന്നതാണ്. സാധ്യമാകുന്നിടത്തോളം നിങ്ങളെത്തന്നെ മറയ്ക്കുകയും, നിങ്ങളെത്തന്നെ മൂടി സൂക്ഷിക്കുകയും, കാര്യങ്ങൾ രഹസ്യത്തിൽ ചെയ്യുകയും ചെയ്യുക. കർത്താവായ യേശു പറയുന്നതുപോലെ നമ്മുടെ വലങ്കൈ ചെയ്യുന്നത് ഇടങ്കൈ അറിയാതിരിക്കുന്ന അത്രത്തോളം നാം മറഞ്ഞിരിക്കണം (വാ. 3). ഇത് അർഥമാക്കുന്നത് നാം ചെയ്യുന്നതെന്തെന്ന് മറ്റുള്ളവർ അറിയുവാൻ ഇടവരരുതെന്നാണ്. ഉദാഹരണത്തിന്, നിങ്ങൾ മൂന്നു ദിവസം ഉപവസിക്കുന്നുവെങ്കിൽ, നിങ്ങളുടെ മുഖത്തെ വിരൂപമാക്കുകയോ ഒരു സങ്കടമുഖഭാവം കാണിക്കുകയോ അരുത്. മറിച്ച്, നിങ്ങളുടെ ഉപവാസം

രഹസ്യത്തിലായിരിക്കത്തക്കവണ്ണം നിങ്ങൾ ഉപവസിക്കുന്നില്ല എന്ന തോന്നൽ മറ്റുള്ളവർക്ക് കൊടുക്കുക. മനുഷ്യരുടെ സാന്നിധ്യത്തിൽ ഉപവസിക്കാതെ, നിങ്ങളുടെ സ്വർഗീയ പിതാവിന്റെ രഹസ്യ സാന്നിധ്യത്തിൽ ഉപവസിക്കുക. ഇതു ചെയ്യുന്നത് സ്വയത്തെയും ജഡത്തെയും കൊല്ലുന്നതാണ്.

സഭായോഗങ്ങളിൽ വിശുദ്ധന്മാർ പ്രവർത്തിക്കുവാൻ ഞങ്ങൾ പ്രോത്സാഹിപ്പിക്കാറുണ്ട്. എങ്കിലും, നമ്മുടെതന്നെ ഒരു പ്രദർശനം നടത്തുന്നതിനായി പ്രവർത്തിക്കുന്നു എന്ന ഒരു അപകടം അവിടെയുണ്ട്. മനുഷ്യരുടെ മുമ്പിൽ കാര്യങ്ങൾ ചെയ്യുന്നുവെന്ന അപകടമുണ്ട്. നിങ്ങളുടെ സ്വന്തം അനുഭവത്തെ പരിഗണിക്കുന്നുവെങ്കിൽ, ഒരുപക്ഷേ പത്തിൽ ഒമ്പതു പ്രാവശ്യം നിങ്ങളുടെ പ്രവർത്തനം മനുഷ്യർക്കു മുമ്പിലായിരുന്നു എന്നു നിങ്ങൾ മനസ്സിലാക്കും. ഇത് സ്വയത്തെയും ജഡത്തെയും മഹത്വപ്പെടുത്തുന്നതാണ്. എന്നാൽ സ്വർഗീയ രാജ്യത്തിന്റെ ഭരണഘടന ഒരു ഇഞ്ചു പോലും നമ്മുടെ കോപത്തിനും, മോഹത്തിനും, സ്വാഭാവിക ആളത്തത്തിനും വഴങ്ങിക്കൊടുക്കുന്നില്ല; അത് നമ്മുടെ സ്വയത്തിനും ജഡത്തിനും യാതൊരു അടിത്തറയും നൽകുന്നില്ല. കർത്താവിന്റെ കരുണയാലും കൃപയാലും കഴിയുന്നിടത്തോളം മറഞ്ഞിരിക്കുന്ന രീതിയിൽ നാം കാര്യങ്ങൾ ചെയ്യണം. ദൈവത്തെ പ്രസാദിപ്പിക്കുന്നതും മനുഷ്യനോട് നീതിയുള്ളതുമായ കാര്യങ്ങൾ രഹസ്യമായ ഒരു രീതിയിൽ ചെയ്യുവൻ എപ്പോഴും ശ്രമിക്കുക. അവയെക്കുറിച്ച് മറ്റാരും അറിയാതിരിക്കുവാൻ ശ്രമിക്കുക. നിങ്ങളുടെ നീതിപ്രവൃത്തികൾ കേവലം ദൈവമുമ്പാകെ ചെയ്യുക.

നമ്മുടെ പിതാവ് രഹസ്യത്തിൽ കാണുന്നു. നിങ്ങളുടെ മുറിയിൽ നിങ്ങൾ ഒറ്റയ്ക്കിരുന്നു പ്രാർഥിക്കുമ്പോൾ മറ്റാർക്കും നിങ്ങളെ കാണുവാൻ കഴിയുന്നില്ലെങ്കിലും, നിങ്ങളുടെ സ്വർഗീയ പിതാവ് കാണുന്നു. മനുഷ്യർ കാണേണ്ടതിന് തെരുക്കോണുകളിലോ സിനഗോഗുകളിലോ പ്രാർഥിക്കാതിരിക്കുക. രഹസ്യത്തിൽ കാണുന്ന നിങ്ങളുടെ പിതാവ് കാണേണ്ടതിന് രഹസ്യത്തിൽ പ്രാർഥിക്കുക. അപ്പോൾ നിങ്ങൾക്ക് അവനിൽനിന്നു രഹസ്യത്തിൽ ഉത്തരം ലഭിക്കും. നമ്മിൽ അനേകർക്കും പരസ്യമായുള്ള അനുഭവങ്ങൾ മാത്രമേയുള്ളൂവെന്നും രഹസ്യത്തിലുള്ള അനുഭവങ്ങൾ ഇല്ലെന്നുമുള്ള ഉൽകണ്ഠ എനിക്കുണ്ട്. പിതാവു മാത്രമല്ല നമ്മുടെ അനുഭവങ്ങൾ കാണുന്നത്; മറ്റെല്ലാവരും അവയെ കാണുന്നു. നാം സ്വയത്തെ ത്യജിക്കുകയോ ജഡത്തെ നിരാകരിക്കുകയോ ചെയ്യുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. സ്ഥിരമായി സ്വയത്തെ ത്യജിക്കുകയും ജഡത്തെ നിരാകരിക്കുകയും ചെയ്യുന്ന ഒരു രീതിയിൽ നാം എപ്പോഴും കാര്യങ്ങൾ ചെയ്യണം. സാധിക്കുമെങ്കിൽ, നിങ്ങളുടെ സ്വയത്തിന് യാതൊരു അവസരവും കൊടുക്കുകയോ നിങ്ങളുടെ

ജഡത്തിനുള്ള യാതൊരു അടിത്തറയ്ക്കും വഴങ്ങുകയോ ചെയ്യാതെ സകലവും രഹസ്യത്തിൽ ചെയ്യുക.

പ്രതിഫലത്തിന്റെ കാര്യത്തെക്കുറിച്ച് കർത്താവ് സംസാരിക്കുന്നുവെങ്കിലും (വാ. 1, 5), ഇവിടെയുള്ള പ്രധാന കാര്യം പ്രതിഫലമല്ല, ജീവനിലുള്ള വളർച്ചയാണ്. പരസ്യമായി വളരുന്ന വിശുദ്ധന്മാർ ആരോഗ്യകരമായ ഒരു രീതിയിൽ വളരുന്നില്ല. നമുക്കെല്ലാവർക്കും ജീവനിലുള്ള ചില രഹസ്യ വളർച്ച, രഹസ്യത്തിലുള്ള ചില ക്രിസ്ത്വാനുഭവങ്ങൾ ആവശ്യമാണ്. നാം രഹസ്യമായ രീതിയിൽ കർത്താവിനോടു പ്രാർഥിക്കുകയും, കർത്താവിനെ ആരാധിക്കുകയും, കർത്താവിനെ ബന്ധപ്പെടുകയും, കർത്താവുമായി കൂട്ടായ്മ ആചരിക്കുകയും വേണം. ഒരുപക്ഷേ നമ്മോട് ഏറ്റവും അടുത്തിരിക്കുന്നവർപോലും നാം എന്താണു ചെയ്യുന്നതെന്ന് അറിയുകയോ മനസ്സിലാക്കുകയോ ചെയ്യുകയില്ല. ഇങ്ങനെയുള്ള അനുഭവങ്ങൾ നമ്മുടെ സ്വയത്തെയും ജഡത്തെയും കൊല്ലുന്നതുകൊണ്ട് ഈ രഹസ്യത്തിലുള്ള ക്രിസ്ത്വാനുഭവങ്ങൾ നമുക്കാവശ്യമാണ്. കോപവും മോഹവും മോശമാണെങ്കിലും ജീവനിൽ വളരുന്നതിൽനിന്നു നമ്മെ ഏറ്റവും കൂടുതൽ തടസ്സപ്പെടുത്തുന്ന കാര്യം സ്വയമാണ്. പരസ്യമായ ഒരു രീതിയിൽ മനുഷ്യരുടെ മുമ്പാകെ കാര്യങ്ങൾ ചെയ്യുന്നതിൽ നമ്മുടെ സ്വയം ആസ്വദിക്കുന്നു എന്ന വസ്തുതയിൽ സ്വയം ഏറ്റവും പ്രകടമാണ്. മനുഷ്യന്റെ മുമ്പാകെ നീതിപ്രവൃത്തികൾ ചെയ്യുവാൻ നമ്മുടെ സ്വയം ഇഷ്ടപ്പെടുന്നു. ഒരു വ്യത്യാസവുമില്ലാതെ, ഇങ്ങനെയുള്ള ഒരു സ്വയം നമുക്കുണ്ടെന്ന് നാമെല്ലാവരും സമ്മതിച്ചേ മതിയാകൂ. ഒരു പരസ്യപ്രദർശനം കാണിക്കുവാൻവേണ്ടി ഇങ്ങനെയുള്ള ഒരു രീതിയിൽ കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നവർ സ്വയത്താൽ നിറഞ്ഞവരും ജഡത്താൽ നിറഞ്ഞവരുമാണ്. മഹത്വവൽക്കരിക്കപ്പെടുവാൻ സ്വയവും, വീക്ഷിക്കപ്പെടുവാൻ ജഡവും ഇഷ്ടപ്പെടുന്നു. സ്വയത്തോടും ജഡത്തോടും ഇടപെടുന്ന ഈ വാക്യങ്ങളെക്കുറിച്ചുള്ള ഒരു ദൂത് ഒരുപക്ഷേ നിങ്ങൾ ഒരിക്കലും കേട്ടിട്ടുണ്ടാവില്ല. ഈ വേദഭാഗത്തേക്ക് നാം വരുമ്പോഴെല്ലാം നമ്മുടെ സ്വയത്തെയും നമ്മുടെ ജഡത്തെയും അത് തുറന്നുകാണിക്കുന്നുവെന്ന് നാം തിരിച്ചറിയണം.

LD ഇവിടെയുള്ള നിർണ്ണായകമായ കാര്യം പ്രതിഫലമല്ല, ജീവനിലുള്ള വളർച്ചയാണെന്ന് ഞാൻ ആവർത്തിക്കട്ടെ. സ്വയത്തിന്റെ പ്രകടനവും ജഡത്തിന്റെ പ്രദർശനവും നടത്തുവാൻ മാത്രം അറിയുന്ന വിശുദ്ധന്മാർ ജീവനിൽ വളരുകയില്ല. ജീവനിലുള്ള യഥാർത്ഥ വളർച്ച സ്വയത്തെ ഛേദിച്ചുകളയുന്നതാണ്. സ്വയത്തെ ഛേദിച്ചുകളയുകയും ജഡത്തോട് ഇടപെടുകയും ചെയ്തിട്ടുള്ളവർ ചിലപ്പോൾ അവരുടെ പ്രവൃത്തികളെക്കുറിച്ച് സംസാരിക്കാറുണ്ട്. ഇതുപോലും സംസാരിക്കുന്നതിൽ ഞാൻ

വളരെ ജാഗ്രതയുള്ളവനാണ്. നമ്മുടെ നീതിപ്രവൃത്തികളെ തുറന്നുകാണിക്കുന്നത് ആരോഗ്യകരമല്ല. മറിച്ച്, നാം അധികം പ്രാർഥിക്കണം; അപ്പോഴും നാം എത്രമാത്രം പ്രാർഥിക്കുന്നുവെന്ന് മറ്റുള്ളവർ അറിയുവാൻ ഇടവരരുത്. ഇത് ആരോഗ്യകരമാണ്. മറ്റുള്ളവരോട് പറയാതെയോ, മറ്റുള്ളവർ അത് അറിയുവാൻ ഇടയാക്കാതെയോ നിങ്ങൾ എല്ലാ ദിവസവും പ്രാർഥിക്കുന്നു വെങ്കിൽ, അത് അർഥമാക്കുന്നത് നിങ്ങൾ ആരോഗ്യമുള്ളവനും നിങ്ങൾ വളർന്നുകൊണ്ടിരിക്കുന്നവനും ആകുന്നു എന്നാണ്. എന്നാൽ, നിങ്ങൾ എത്രമാത്രം പ്രാർഥിക്കുന്നുവെന്ന് മറ്റുള്ളവരോട് എപ്പോഴും പറയുന്നുവെന്നു കരുതുക. നിങ്ങൾ ഇങ്ങനെ ചെയ്യുന്നുവെങ്കിൽ, നിങ്ങളുടെ പ്രതിഫലം നിങ്ങൾ നഷ്ടപ്പെടു ത്തുമെന്നു മാത്രമല്ല, നിങ്ങൾ ജീവനിൽ വളരുകയോ ആരോഗ്യ മുള്ളവനായിരിക്കുകയോ ചെയ്യുകയില്ല. നമുക്ക് കൗശലമുള്ള സ്വയവും, കൗശലമുള്ള ജഡവും നമ്മുടെ ഉള്ളിലുണ്ടെന്ന് നാം എല്ലാവരും സമ്മതിച്ചേ മതിയാകൂ. നമുക്കെല്ലാവർക്കും ഇങ്ങനെയുള്ള ഒരു ബലഹീന കാര്യമുണ്ട്. നമ്മുടെ മുറിയിൽ നാം ഒറ്റയ്ക്കിരുന്ന് പ്രാർഥിക്കുമ്പോൾ മറ്റുള്ളവർക്ക് നമ്മെ കേൾക്കുവാൻ കഴിഞ്ഞെങ്കിൽ എന്നു നാം പലപ്പോഴും ആഗ്രഹിക്കുന്നു. അതുപോലെ, മറ്റുള്ളവർക്ക് കാണുവാൻ കഴിഞ്ഞെങ്കിൽ എന്ന ഉദ്ദേശ്യത്തോടുകൂടെ നാം നമ്മുടെ നീതിപ്രവൃത്തികൾ ചെയ്യുന്നു. ഇങ്ങനെയുള്ള ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും ആരോഗ്യകരമല്ല; നാം ജീവനിൽ വളരുന്നില്ലെന്ന് അവ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യരുടെ മുമ്പിൽ ഒരു പരസ്യപ്രദർശനം നടത്തുന്നത് ജീവനിൽ വളരുവാൻ ഒരിക്കലും നമ്മെ സഹായിക്കുകയില്ല. ആത്മികജീവനിൽ വളരുവാനും ആരോഗ്യമുള്ളവനായിരിക്കുവാനും നിങ്ങൾ ആഗ്രഹി ക്കുന്നുവെങ്കിൽ നീതിപ്രവൃത്തികൾ ചെയ്യുന്നതിൽ നിങ്ങളുടെ സ്വയത്തെ നിങ്ങൾ കൊല്ലണം. വിശുദ്ധന്മാർക്ക് ഭൗതിക വസ്തുക്കൾ കൊടുക്കുന്നതും, പ്രാർഥിക്കുന്നതും, ഉപവസിക്കുന്നതും, ദൈവത്തെ പ്രസാദിപ്പിക്കുവാൻ ചില കാര്യങ്ങൾ ചെയ്യുന്നതും പോലെയുള്ള എന്തുതരം നീതിപ്രവൃത്തികൾ നാം ചെയ്താലും അവയെല്ലാം കഴിയുന്നിടത്തോളം രഹസ്യത്തിൽ ചെയ്യുവാൻ നാം ശ്രമിക്കണം. നിങ്ങളുടെ നീതിപ്രവൃത്തികൾ രഹസ്യത്തിലാ ണെങ്കിൽ, നിങ്ങൾ ജീവനിൽ വളർന്നുകൊണ്ടിരിക്കുന്നുവെന്നും ആരോഗ്യമുള്ളവനാണെന്നും നിങ്ങൾക്ക് ഉറപ്പിക്കാം. എന്നാൽ എപ്പോഴെങ്കിലും നിങ്ങളുടെ നീതിപ്രവൃത്തികളിൽ നിങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്നു എങ്കിൽ നിങ്ങൾ ആരോഗ്യമുള്ളവനല്ല. ഇങ്ങനെയുള്ള പ്രദർശനം ജീവനിലുള്ള നിങ്ങളുടെ വളർച്ചയെ വലിയതോതിൽ തടസ്സപ്പെടുത്തുന്നു.

ദൈവം മറഞ്ഞിരിക്കുന്നവനാണെന്ന്, ദൈവം രഹസ്യ വാനാണെന്ന് പ്രപഞ്ചം ചൂണ്ടിക്കാണിക്കുന്നു. അവൻ

നിരവധി വലിയ കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും, അവൻ അതു ചെയ്തുവെന്ന് ജനത്തിന് അറിയില്ല. ദൈവം ചെയ്ത കാര്യങ്ങൾ നാം കണ്ടിട്ടുണ്ടാകാം, എന്നാൽ നമ്മിൽ ആരും അവനെ കണ്ടിട്ടില്ല; കാരണം അവൻ എപ്പോഴും മറഞ്ഞിരിക്കുന്നവനാണ്, എപ്പോഴും രഹസ്യവാനാണ്. ദൈവത്തിന്റെ ജീവൻ ഇങ്ങനെ രഹസ്യമയവും മറഞ്ഞിരിക്കുന്നതുമായ പ്രകൃതമുള്ളതാണ്. നമ്മുടെ സ്വന്തം ജീവനാൽ നാം മറ്റുള്ളവരെ സ്നേഹിക്കുന്നുവെങ്കിൽ, മനുഷ്യരുടെ മുമ്പിൽ അതിന്റെതന്നെ ഒരു പ്രദർശനം നടത്തുവാൻ ഈ ജീവൻ അന്വേഷിക്കും. എന്നാൽ ദൈവത്തിന്റെ സ്നേഹത്താൽ നാം മറ്റുള്ളവരെ സ്നേഹിക്കുന്നുവെങ്കിൽ, ഈ സ്നേഹം എപ്പോഴും മറഞ്ഞിരിക്കുന്നതായി തുടരും. നമ്മുടെ മനുഷ്യജീവൻ ഒരു പ്രദർശനം, ഒരു പരസ്യപ്രദർശനം നടത്തുവാൻ ഇഷ്ടപ്പെടുന്നു, എന്നാൽ ദൈവത്തിന്റെ ജീവൻ എപ്പോഴും മറഞ്ഞിരിക്കുന്നു. ഒരു കപടഭക്തൻ ഉള്ളിലൊന്നുമില്ലാതെ ബാഹ്യമായ പ്രത്യക്ഷ തയുള്ളവനാണ്. അവനുള്ളതെല്ലാം കേവലം ബാഹ്യമായ ഒരു പ്രദർനമാണ്; അകമെ യാതൊരു യാഥാർഥ്യവും ഇല്ല. ഇത് തികച്ചും ദൈവത്തിന്റെ പ്രകൃതത്തിനും അവന്റെ മറഞ്ഞിരിക്കുന്ന ജീവനും വിരുദ്ധമാണ്. ദൈവത്തിന് അവന്റെ ഉള്ളിൽ വളരെയധികം ഉണ്ടെങ്കിലും, വളരെ കുറച്ചു മാത്രമേ പ്രകടമാക്കപ്പെ ട്ടിട്ടുള്ളൂ. ഈ ദിവ്യജീവനാൽ നാം ജീവിക്കുന്നുവെങ്കിൽ, നാം വളരെ പ്രാർഥിക്കുമെങ്കിലും, നാം എത്രമാത്രം പ്രാർഥിച്ചുവെന്ന് മറ്റുള്ളവർ അറിയുകയില്ല. മറ്റുള്ളവരെ സഹായിക്കുവാൻ നാം വളരെയധികം നൽകുന്നുണ്ടാകാം, എന്നാൽ നാം എത്രമാത്രം കൊടുക്കുന്നുവെന്ന് ആരും അറിയുകയില്ല. നാം പലപ്പോഴും ഉപവസിക്കുന്നുണ്ടാകാം, എന്നാൽ ഇതും മറ്റുള്ളവർ അറിഞ്ഞിട്ടുണ്ടാവില്ല. നമ്മുടെ ഉള്ളിൽ നിരവധി കാര്യങ്ങൾ ഉണ്ടായിരിക്കാം, എന്നാൽ വളരെ കുറച്ചു മാത്രമേ പ്രകടമാകുകയുള്ളൂ. ഇതാണ് തങ്ങളുടെ നീതിപ്രവൃത്തികൾ ചെയ്യുന്നതിലുള്ള രാജ്യജനത്തിന്റെ പ്രകൃതം.

ഇത് ലൗകികരായ ആളുകളുടെ പ്രകൃതത്തിൽനിന്നും അത്യധികം വ്യത്യസ്തമാണ്. ലൗകികരായ ആളുകൾ നൂറു ഡോളർ സംഭാവന നൽകുമ്പോൾ, അവർ വളരെ വലിയ ഒരു തുക നൽകി എന്നപോലെ അവർ അതിനെ പരസ്യപ്പെടുത്തുന്നു. എന്നാൽ ക്രിസ്ത്യാനികളായ നാം നൂറു ഡോളർ നല്കുമ്പോൾ, ഒരു പൈസ നൽകിയെന്നു മാത്രം മറ്റുള്ളവരെ അറിയിക്കുന്നതാണ് നല്ലത്. മറ്റുള്ളവർക്ക് കാണാൻ കഴിയുന്നതിനെക്കാൾ കൂടുതൽ നാം ചെയ്യുന്നു. നമ്മുടെ സ്വാഭാവിക ജീവനിൽ ഇത്തരത്തിലുള്ള കൊടുക്കൽ നമുക്ക് ഒരിക്കലും ചെയ്യാൻ കഴിയുകയില്ല. ഒരു പ്രദർശനം നടത്തുന്നത് ആസ്വദിക്കാത്ത ജീവനായ ദിവ്യജീവനിൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. ഇതാണ് ഈ വേദഭാഗത്തുള്ള നിർണ്ണായകമായ കാര്യം.

രാജ്യജനമായിരിക്കുന്നതിനെക്കുറിച്ച് നാം ഗൗരവമുള്ളവരാണെങ്കിൽ, നമ്മുടെ പിതാവിന്റെ മറഞ്ഞിരിക്കുന്ന ജീവനാൽ ജീവിക്കുവാൻ നാം പഠിക്കണം. നമ്മുടെ സ്വാഭാവിക ജീവനാൽ നാം ജീവിക്കരുത്; അത് എപ്പോഴും അതിന്റെതന്നെ ഒരു പ്രദർശനം നടത്തുന്നു. നമ്മുടെ പിതാവിന്റെ മറഞ്ഞിരിക്കുന്ന ജീവനാൽ നാം ജീവിക്കുന്നുവെങ്കിൽ, അവയുടെ യാതൊരു പരസ്യപ്രദർശനവും നടത്താതെ നാം നിരവധി കാര്യങ്ങൾ ചെയ്യും. എന്നാൽ, നാം ചെയ്യുന്നതെല്ലാം രഹസ്യത്തിൽ, മറ്റുള്ളവരുടെ കണ്ണുകളിൽനിന്നും മറഞ്ഞിരിക്കും. ധാരാളം വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ വെളിപ്പെടുത്തുന്നത് അവർ ചില കാര്യങ്ങൾ രഹസ്യത്തിൽ ചെയ്തു എന്നാണ്; ആ കാര്യങ്ങൾ പലപ്പോഴും അറിയപ്പെട്ടിരുന്നത് അവർ മരിച്ച ശേഷമായിരുന്നു. ഇതാണ് ശരിയായ രീതി. കർത്താവിനുവേണ്ടിയും, സഭയ്ക്കുവേണ്ടിയും, വിശുദ്ധന്മാർക്കുവേണ്ടിയും രഹസ്യത്തിൽ കാര്യങ്ങൾ ചെയ്തിട്ടുള്ള അനേകം പ്രിയ വിശുദ്ധന്മാരെക്കുറിച്ച് ഞാൻ അറിഞ്ഞിട്ടുണ്ട്. ഒരു പ്രദർശനം നടത്തുവാനോ അവരാൽ ആ കാര്യങ്ങൾ ചെയ്യപ്പെട്ടു എന്ന് മറ്റുള്ളവർ അറിയുവാനോ അവർ ഒരിക്കലും ആഗ്രഹിച്ചില്ല. ഈ പ്രവൃത്തികൾ നമ്മുടെ പിതാവിന്റെ പ്രകൃതത്തിന് ഒത്തവണ്ണവും അവന്റെ രഹസ്യവും മറഞ്ഞിരിക്കുന്നതുമായ ജീവന് ഒത്തവണ്ണവും ചെയ്തതാണ്.

## B. ഭിക്ഷയെ സംബന്ധിച്ച്

### *1. ഒരു കാഹളം മുഴക്കാതിരിക്കുന്നു*

വാക്യം 2 പറയുന്നു, "ആകയാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ, മനുഷ്യരാൽ മഹത്വപ്പെടുവാൻ തക്കവണ്ണം കപടഭക്തിക്കാർ ചെയ്യുന്നതുപോലെ സിനഗോഗുകളിലും വീഥികളിലും നിന്റെ മുമ്പാകെ കാഹളം മുഴക്കരുത്. അവരുടെ പ്രതിഫലം അവർക്ക് പൂർണമായി ലഭിച്ചിരിക്കുന്നു എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." തീർച്ചയായും സ്വർഗത്താൽ ഭരിക്കപ്പെടുന്ന രാജ്യജനത്തിന്റെ ആത്മാവ് ഇങ്ങനെ ജഡികമായി പ്രശംസിക്കുന്നതിൽനിന്നും അവരെ നിയന്ത്രിക്കുന്നു.

ഞാൻ ഒരു സംഘടനയിലായിരുന്നപ്പോൾ ഞായറാഴ്ച രാവിലത്തെ സഭാരാധനയുടെ സമയത്ത് കാഴ്ചപ്പാത്രം ഒരോരുത്തരുടെയും അടുക്കൽ കൊണ്ടുവരുമായിരുന്നു. ആ സമയത്ത്, കടലാസു നോട്ടുകൾക്കു പകരം ചെമ്പു നാണയങ്ങളോ വെള്ളി നാണയങ്ങളോ ഉപയോഗിക്കുമായിരുന്നു. ചില ആളുകൾ തങ്ങളിലേക്ക് ശ്രദ്ധ ആകർഷിക്കുന്ന രീതിയിൽ കാഴ്ചപ്പാത്രത്തിലേക്ക് അവരുടെ സംഭാവനകൾ ഇടുമായിരുന്നു. അത് സ്വയത്തിന്റെ ഒരു പ്രദർശനമായിരുന്നു. തീർച്ചയായും അവർ

ഒന്നും പറഞ്ഞില്ല. എന്നാൽ ശബ്ദമുണ്ടാക്കുന്ന ഒരു രീതിയിൽ അവർ നാണയങ്ങൾ പാത്രത്തിൽ ഇട്ടു. ഇതു ചെയ്യുന്നതിലൂടെ അവർ തങ്ങളുടെ മുമ്പിൽ ഒരു കാഹളം മുഴക്കുകയായിരുന്നു. ഇടനാഴിയിൽ സംഭാവനകളെ സംബന്ധിച്ച ഒരു പരസ്യ വിജ്ഞാപനം പതിക്കാനുള്ള സമയം വന്നപ്പോൾ ഏറ്റവും കൂടുതൽ നൽകിയവന്റെ പേര് പട്ടികയിൽ ആദ്യം വരുകയും, ഏറ്റവും കുറച്ചു നൽകിയവന്റെ പേര് പട്ടികയിൽ അവസാനം വരുകയും ചെയ്തു. ഏറ്റവും കൂടുതൽ നൽകിയവന്റെ പേര് പട്ടികയുടെ അവസാനം വന്നിരുന്നെങ്കിൽ, ഒരുപക്ഷെ അവൻ ഭാവിയിൽ അത്രയുംതന്നെ കൊടുക്കുമായിരുന്നില്ല.

ഇക്കാരണത്താൽ, വിശുദ്ധന്മാർ കൊടുക്കുന്നതിന്റെ രേഖകൾ സഭകളിലുള്ള നാം സൂക്ഷിക്കുന്നില്ല. പണം കാഴ്ചപ്പെട്ടിയിൽ ഇടുന്നതുമൂലം സ്വയത്തിനോ ജഡത്തിനോ പുകഴുവാനുള്ള യാതൊരു അവസരവും ഇല്ല. എന്നാൽ ചെക്കുകളുടെ ഉപയോഗം ഏറെക്കുറെ ഒരു പ്രശ്നം തന്നെയാണ്. അനേകം വർഷങ്ങൾക്കുമുമ്പ് ചൈനയിലുള്ള നമ്മുടെ സഭാജീവിതത്തിന്റെ അനുഷ്ഠാനത്തിൽ ഞങ്ങൾ മിക്കപ്പോഴും ചെക്കുകൾ ഉപയോഗിച്ചി രുന്നില്ല. എന്നാൽ ചെക്കുകളുടെ ഉപയോഗം നിയമബദ്ധമായ ഒരു കാര്യമല്ല. സകലവും നമ്മുടെ ഉദ്ദേശ്യത്തെയും മനോഭാവത്തെയും ആശ്രയിച്ചിരിക്കുന്നു. വിശുദ്ധന്മാർ ചെക്കുകൾ ഉപയോഗിക്ക രുതെന്നല്ല ഞാൻ പറയുന്നത്. ഒരു പ്രദർശനം നടത്തുകയോ മനുഷ്യനിൽനിന്നും മഹത്വം സ്വീകരിക്കുകയോ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ നാം കൊടുക്കുന്നില്ല എന്നതാണ് തത്ത്വം. പകരം, നമ്മുടെ സ്വർഗീയ പിതാവിന്റെ സാന്നിധ്യത്തിൽ നാം സകലവും രഹസ്യത്തിൽ ചെയ്യുന്നു. ഈ വിഷയത്തിൽ നിങ്ങളുടെ ഉദ്ദേശ്യവും മനോഭാവവും എന്താണെന്ന് നിങ്ങൾക്കറിയാം.

## *2. വലങ്കയ്യുടെ ചെയ്തി ഇടങ്കൈയെ അറിയിക്കാതിരിക്കുന്നു*

വാക്യം 3 പറയുന്നു, "എന്നാൽ നീ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ വലങ്കൈ ചെയ്യുന്നത് എന്തെന്ന് നിന്റെ ഇടങ്കൈ അറിയരുത്." രാജ്യജനത്തിന്റെ നീതിപ്രവൃത്തികൾ കഴിയുന്നിടത്തോളം രഹസ്യമായി സൂക്ഷിക്കണമെന്ന് ഈ വചനം സൂചിപ്പിക്കുന്നു. തങ്ങളുടെ പിതാവിനെ മാത്രം പ്രസാദിപ്പിക്കുന്നതിന് സ്വർഗീയ ഭരണത്തിൻകീഴിൽ അവരുടെ ആത്മാവിൽ ചെയ്യുന്ന കാര്യത്തിൽ, അവരുടെ ജഡം മനുഷ്യന്റെ മഹത്വത്തിനായുള്ള അതിന്റെ മോഹത്തോടെ ഇടപെടുവാൻ പാടില്ല.

## *3. രഹസ്യത്തിൽ ഭിക്ഷ കൊടുക്കുന്നു*

വാക്യം 4-ൽ രാജാവു പറഞ്ഞു, "അങ്ങനെ നിന്റെ ഭിക്ഷ രഹസ്യ ത്തിലായിരിക്കുകയും രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ്

നിനക്ക് മടക്കിത്തരുകയും ചെയ്യും." രാജ്യജനത്തിന്റെ ജീവിതം അവരുടെ ആത്മാവിൻപ്രകാരം പിതാവിന്റെ ദിവ്യജീവനാലാണ്. അങ്ങനെ അവർ പരസ്യമായല്ല, രഹസ്യമായി സൽപ്രവൃത്തികൾ ചെയ്യേണ്ടത് ആവശ്യമാകുന്നു. ഏതൊരു പരസ്യ പ്രദർശനവും ദിവ്യജീവന്റെ മാർമികമായ മറഞ്ഞിരിക്കുന്ന പ്രകൃതത്തോടു യോജിക്കുന്നില്ല.

## C. പ്രാർഥനയെ സംബന്ധിച്ച്

### *1. ഒരു പരസ്യപ്രദർശനം നടത്താതിരിക്കുക*

ഭിക്ഷ കൊടുക്കുന്നതിലെന്നപോലെ, പ്രാർഥിക്കുന്നതിൽ രാജ്യജനം ഒരു പരസ്യപ്രദർശനം നടത്തരുത്. വാക്യം 5 പറയുന്നു, "നിങ്ങൾ പ്രാർഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്, കാരണം അവർ മനഷ്യരാൽ കാണപ്പെടുവാൻ തക്കവണ്ണം സിനഗോഗുകളിലും തെരുക്കോണുകളിലും നിന്നുകൊണ്ട് പ്രാർഥിക്കുവാൻ പ്രിയപ്പെടുന്നു. അവരുടെ പ്രതിഫലം അവർക്ക് പൂർണ്ണമായി ലഭിച്ചിരിക്കുന്നു എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." മനുഷ്യന്റെ പ്രശംസ അന്വേഷിക്കുന്ന പ്രാർഥന മനുഷ്യ രിൽനിന്നുള്ള ഒരു പ്രതിഫലം നേടുമായിരിക്കും, എന്നാൽ അതിന് പിതാവിൽനിന്ന് ഒരു ഉത്തരം ലഭിക്കുന്നില്ല. അങ്ങനെ, അത് വ്യർഥമായ പ്രാർഥനയാണ്.

### *2. രഹസ്യത്തിൽ പ്രാർഥിക്കുക*

നമ്മുടെ പ്രാർഥന രഹസ്യത്തിലായിരിക്കണം. വാക്യം 6-ൽ രാജാവ് വിളംബരം ചെയ്യു, "എന്നാൽ നീ പ്രാർഥിക്കുമ്പോൾ നിന്റെ സ്വകാര്യമുറിയിലേക്കു പ്രവേശിച്ച് നിന്റെ വാതിൽ അടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർഥിക്കുക: രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് മടക്കിത്തരും." രഹസ്യത്തിൽ തങ്ങളുടെ സ്വർഗീയ പിതാവിനെ ബന്ധപ്പെട്ടുകൊണ്ടും, പിതാവിന്റെ ഏതാനും രഹസ്യ ആസ്വാദനം അനുഭവമാക്കിക്കൊണ്ടും, അവനിൽനിന്ന് ഏതാനും രഹസ്യ ഉത്തരം ലഭിച്ചുകൊണ്ടും രാജ്യജനത്തിന് തങ്ങളുടെ സ്വകാര്യമുറിയിൽ പ്രാർഥനയുടെ ഏതാനും അനുഭവം ഉണ്ടായിരിക്കണം.

### *3. പൊള്ളവാക്കുകൾ ആവർത്തിക്കാതിരിക്കുക*

നാം പ്രാർഥിക്കുമ്പോൾ പൊള്ളവാക്കുകൾ ആവർത്തിക്കരുത്. വാക്യം 7 പറയുന്നു, "പ്രാർഥിക്കുമ്പോൾ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യാതിരിക്കുവിൻ; എന്തെന്നാൽ തങ്ങളുടെ വാക്കുകളുടെ ആധിക്യത്തിൽ അവരെ കേൾക്കുമെന്ന് അവർ കരുതുന്നു." എങ്കിലും നമ്മുടെ പ്രാർഥന ആവർത്തിക്കരുതെന്ന്

ഇത് അർഥമാക്കുന്നില്ല. ഗെത്ത്ശെമനയിൽവച്ച് കർത്താവ് തന്റെ പ്രാർഥന ആവർത്തിക്കുകയും (26:44), അപ്പൊസ്തലനായ പൗലൊസ് ഒരേ പ്രാർഥന മൂന്നു പ്രാവശ്യം പ്രാർഥിക്കുകയും (2 കൊരി. 12:8), സ്വർഗത്തിൽ വലിയ പുരുഷാരം ആവർത്തിച്ചുള്ള ഹല്ലേലൂയ്യകളാൽ ദൈവത്തെ സ്തുതിക്കുകയും ചെയ്തു (19:1-6). ഇത് അർഥമാക്കുന്നത്, പൊള്ളയായ വാക്കുകൾകൊണ്ട്, വ്യർഥമായ വാക്കുകൾകൊണ്ട്, ആവർത്തിക്കരുതെന്നാണ്.

വാക്യം 8 പറയുന്നു, "അതുകൊണ്ട് നിങ്ങൾ അവരെപ്പോലെ ആകരുത്, നിങ്ങളുടെ പിതാവ് നിങ്ങൾക്ക് ആവശ്യമുള്ള കാര്യങ്ങളെ നിങ്ങൾ അവനോട് ചോദിക്കുംമുമ്പേ അറിയുന്നുവല്ലോ." നമ്മുടെ ആവശ്യം നമ്മുടെ പിതാവായ ദൈവം അറിയുന്നുവെങ്കിലും അപ്പോഴും നാം അവനോടു ചോദിക്കണം; എന്തെന്നാൽ ചോദിക്കുന്നവന് ലഭിക്കുന്നു (7:8).

Mon

### 4. പ്രാർഥനയുടെ മാതൃക

9 മുതൽ 13 വരെയുള്ള വാക്യങ്ങളിൽ പ്രാർഥനയുടെ മാതൃക നാം കാണുന്നു. എങ്കിലും ഇത് എല്ലാ പ്രാർഥനകൾക്കും വേണ്ടിയുള്ള മാതൃകയല്ല. ഇവിടെ മത്തായി 6-ൽ അവതരിപ്പിച്ചിരിക്കുന്ന പ്രാർഥന യോഹന്നാനിൽ പഠിപ്പിച്ചിരിക്കുന്ന പ്രാർഥനയിൽനിന്നും തികച്ചും വ്യത്യസ്തമാണ്. മത്തായി 6-ൽ കർത്താവിന്റെ നാമത്തിൽ പ്രാർഥിക്കുവാൻ നമ്മോടു പറഞ്ഞിരുന്നില്ല, എന്നാൽ യോഹന്നാൻ പതിന്നാലു മുതൽ പതിനേഴു വരെയുള്ള അധ്യായങ്ങളിൽ അവന്റെ നാമത്തിൽ പ്രാർഥിക്കുവാൻ കർത്താവായ യേശു നമ്മോട് ആവർത്തിച്ച് പറയുന്നു. ഈ വ്യത്യാസത്തിനുള്ള കാരണം ഇവിടെ മത്തായിയിലുള്ള പ്രാർഥന ജീവനോട് ബന്ധപ്പെട്ടതല്ല എന്നതാണ്; ഇത് രാജ്യത്തോട് ബന്ധപ്പെട്ടിരിക്കുന്നു. പ്രാർഥനയുടെ ഈ ചുരുങ്ങിയ മാതൃകയിൽ രാജ്യത്തെ കുറഞ്ഞത് രണ്ടു പ്രാവശ്യം പരാമർശിച്ചിരിക്കുന്നു. "നിന്റെ രാജ്യം വരേണമേ" എന്ന് വാക്യം 10-ലും, "രാജ്യവും മഹത്വവും ശക്തിയും എന്നേക്കും നിന്റേതാകുന്നു" എന്ന് വാക്യം 13-ലും പറയുന്നു. ഇതിനു വിരുദ്ധമായി യോഹന്നാനിലെ പ്രാർഥന ജീവനെ സംബന്ധിച്ചതാണ്. കർത്താവിന്റെ നാമത്തിൽ പ്രാർഥിക്കുന്നത് രാജ്യത്തിന്റെ ഒരു വിഷയമല്ല, പിന്നെയോ ജീവന്റെ ഒരു വിഷയമാണ്. കർത്താവിന്റെ നാമത്തിൽ പ്രാർഥിക്കുകയെന്നാൽ അർഥമാക്കുന്നത് നാം കർത്താവുമായി ഒന്നാകുന്നു എന്നാണ്. പിതാവിനോടു പ്രാർഥിക്കുന്നതിൽ നാം കർത്താവുമായി ഒന്നാണ്. തന്മൂലം, നാം അവന്റെ നാമത്തിൽ പ്രാർഥിക്കുന്നു. കർത്താവിന്റെ നാമത്തിൽ പ്രാർഥിക്കുന്നത് വാസ്തവത്തിൽ കർത്താവെന്ന വ്യക്തിയിൽ പ്രാർഥിക്കുന്നതാണ്. നാം ഒരു നാമത്തിലും ഒരു ജീവനിലും കർത്താവിനോടുകൂടെ പ്രാർഥിക്കുന്നു. അതുകൊണ്ട് പിതാവായ ദൈവത്തോടു പ്രാർഥിച്ചുകൊണ്ട് നാം

ജീവനിൽ അവനുമായി ഒന്നാണ്. എന്നാൽ നാം കണ്ടതുപോലെ, മത്തായി 6-ലെ പ്രാർഥന തികച്ചും വ്യത്യസ്തമാണ്, കാരണം ഇത് രാജ്യത്തിന്റെ പ്രാർഥനയാണ്.

നിങ്ങൾക്ക് ജീവനിലുള്ള ഏതാനും പ്രാർഥന ഉണ്ടായിരിക്കണമെങ്കിൽ, നിങ്ങൾ യോഹന്നാനിലേക്കു പോകണം. നിങ്ങൾ കർത്താവിൽ വസിക്കുകയും അവനുമായി ഒന്നായിരിക്കുകയും വേണം. നിങ്ങൾ ആത്മാവിൽ നിലനിൽക്കുകയും അവനുമായി ഒരുമയിൽ പ്രാർഥിക്കുകയും വേണം. ഇതാണ് അവന്റെ നാമത്തിൽ പ്രാർഥിക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത്. എന്നാൽ മത്തായി 6-ലെ പ്രാർഥന രാജ്യത്തെ സംബന്ധിച്ചതാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഇത് പോരാടുന്ന ഒരു പ്രാർഥന, ദൈവത്തിന്റെ രാജ്യത്തിനുവേണ്ടി ദൈവത്തിന്റെ ശത്രുവിനെതിരെയുള്ള യുദ്ധത്തിന്റെ പ്രാർഥന ആണ്.

"അതിനാൽ നിങ്ങൾ ഇപ്രകാരം പ്രാർഥിക്കുവിൻ" എന്നു പറഞ്ഞുകൊണ്ട് വാക്യം 9 ആരംഭിക്കുന്നു. "ഇപ്രകാരം" എന്നത് ഉരുവിടണം എന്ന് അർഥമാക്കുന്നില്ല. പ്രവൃത്തികളിലും ലേഖനങ്ങളിലും ഇങ്ങനെ ഉരുവിടുന്നതിന്റെ ഒരു ഉദാഹരണവും ഇല്ല. എങ്കിലും, ഇന്ന് ചില ക്രിസ്തീയ സംഘടനകളിൽ ഞായറാഴ്ച തോറുമുള്ള രാവിലത്തെ സഭാരാധനയിൽ ഈ പ്രാർഥന ഉരുവിടുന്നു. ഒരു സംഘടനയിൽ ഈ പ്രാർഥന ഞാൻ പലപ്പോഴും ഉരുവിട്ടിട്ടുണ്ട്. ഈ പ്രാർഥന ഉരുവിടുന്നവർ അങ്ങനെ ചെയ്യുന്നതിൽ ആത്മാർഥരല്ല എന്നു പറയുകയല്ല. ഈ പ്രാർഥന ഉരുവിടുന്ന കാര്യത്തിൽ അനേകംപേരും വളരെ ആത്മാർഥരായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല.

### *a. ദൈവത്തിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണ്ടതിന് പ്രാർഥിക്കുന്നു*

കർത്താവ് മാതൃകയായി നൽകിയ പ്രാർഥനയുടെ ഉദാഹരണത്തിൽ ആദ്യത്തെ മൂന്ന് അപേക്ഷകൾ ദൈവത്വത്തിലെ ത്രിത്വത്തെ വിവക്ഷിക്കുന്നു. "നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" എന്നത് മുഖ്യമായി പിതാവിനോടും, "നിന്റെ രാജ്യം വരേണമേ" എന്നത് പുത്രനോടും, "നിന്റെ ഹിതം നടപ്പാക്കേണമേ" എന്നത് ആത്മാവിനോടും ബന്ധപ്പെട്ടിരിക്കുന്നു. ഇത് ഈ യുഗത്തിൽ നിറവേറിക്കൊണ്ടിരിക്കുന്നു; വരാനിരിക്കുന്ന രാജ്യയുഗത്തിൽ ഇത് നിറവേറും. അപ്പോൾ സർവഭൂമിയിലും ദൈവത്തിന്റെ നാമം ശ്രേഷ്ഠമായിരിക്കുകയും (സങ്കീ. 8:1), ലോകരാജത്വം ക്രിസ്തുവിന്റെ രാജത്വമായിത്തീരുകയും (വെളി. 11:15), ദൈവഹിതം നിർവഹിക്കപ്പെടുകയും ചെയ്യും.

വാക്യം 9 പറയുന്നു, "സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ." ഇന്ന് ദൈവത്തിന്റെ

നാമം വിശുദ്ധീകരിക്കപ്പെടുന്നില്ല: മറിച്ച്, അത് അശുദ്ധമാക്കപ്പെടുകയും സാമാന്യമാക്കപ്പെടുകയും ചെയ്യുന്നു. അവിശ്വാസികൾ ചോദിച്ചേക്കാം, "എന്താണ് ദൈവം? ആരാണ് ദൈവം?" പ്ലാറ്റോയെയും ഹിറ്റ്ലറിനെയും കുറിച്ച് സംസാരിക്കുന്ന അതേ രീതിയിൽ ജനം യേശുക്രിസ്തുവിനെക്കുറിച്ചു സംസാരിക്കുന്നു. കർത്താവായ യേശുവിന്റെ നാമത്തെ അവർ സാമാന്യമാക്കുന്നു. എന്നാൽ, സഹസ്രാബ്ദത്തിൽ ദൈവത്തിന്റെ നാമം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്ന ദിവസം വരുമെന്ന് നാം അറിയുന്നു. എന്നാൽ ആ സമയത്തിനുമുമ്പ് നമ്മുടെ പിതാവിന്റെ നാമം ഇന്ന് സഭാജീവിതത്തിൽ പൂർണമായി വിശുദ്ധീകരിക്കപ്പെടുന്നു. നാം സാമാന്യമായ ഒരു രീതിയിൽ പിതാവിന്റെ നാമത്തെ വിളിക്കുകയോ കർത്താവിന്റെ നാമത്തെക്കുറിച്ചു സംസാരിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, "പിതാവ്" എന്നോ "കർത്താവ്" എന്നോ നാം പറയുമ്പോൾ ഈ പരിശുദ്ധ നാമങ്ങളെ നാം വിശുദ്ധീകരിക്കുന്നു. അങ്ങനെ, "പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ" എന്നു നാം പ്രാർഥിക്കണം.

### *b. ദൈവത്തിന്റെ രാജ്യം വരേണ്ടതിന് പ്രാർഥിക്കുന്നു*

വാക്യം 10 പറയുന്നു, "നിന്റെ രാജ്യം വരേണമേ." ഇന്ന് സഭാജീവിതത്തിൽ രാജ്യം ഇവിടെ ഉണ്ടെങ്കിലും, രാജ്യത്തിന്റെ പ്രത്യക്ഷത വരാനിരിക്കുന്നതേ ഉള്ളൂ. അങ്ങനെ, രാജ്യം വരേണ്ടതിനു നാം പ്രാർഥിക്കണം. രാജ്യം എന്ന ഈ വിഷയം പുത്രനായ ദൈവത്തോട് വ്യക്തമായി ബന്ധപ്പെട്ടിരിക്കുന്നു.

### *c. ദൈവത്തിന്റെ ഹിതം ഭൂമിയിൽ നടപ്പാക്കേണ്ടതിന് പ്രാർഥിക്കുന്നു*

വാക്യം 10 തുടർന്നു പറയുന്നു, "നിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നടപ്പാക്കേണമേ." സാത്താന്റെ മത്സരത്തിനുശേഷം (യെഹെ. 28:17; യെശ. 14:13-15) ഭൂമി സാത്താന്റെ അപഹരിക്കുന്ന കയ്യിലേക്ക് വീണു. അങ്ങനെ, ദൈവഹിതം സ്വർഗത്തിലെന്നപോലെ ഭൂമിയിൽ ചെയ്യുവാൻ കഴിയാതെ വന്നു. തന്മൂലം, തനിക്കായി ഭൂമിയെ പ്രത്യുദ്ധരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടെ ദൈവം മനുഷ്യനെ സൃഷ്ടിച്ചു (ഉല്പ.1:26-28). മനുഷ്യന്റെ വീഴ്ചയ്ക്കുശേഷം, സ്വർഗത്തിലെന്നപോലെ ഭൂമിയിലും ദൈവഹിതം നടക്കേണ്ടതിന് ദൈവത്തിന്റെ അവകാശത്തിനുവേണ്ടി ഭൂമിയെ പ്രത്യുദ്ധരിക്കത്തക്കവണ്ണം ഭൂമിയിലേക്ക് സ്വർഗീയഭരണം കൊണ്ടുവരുവാൻ ക്രിസ്തു വന്നു. ഇതാണ് പുതിയ രാജാവ് തന്റെ അനുയായികളോടുകൂടെ സ്വർഗരാജ്യം സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം. വരാനിരിക്കുന്ന രാജ്യത്തിൽ ദൈവഹിതത്തിനുവേണ്ടി ഭൂമി പൂർണമായി പ്രത്യുദ്ധരിക്കപ്പെടുന്നതുവരെ ഇതിനുവേണ്ടി രാജ്യജനം പ്രാർഥിക്കണം.

പിതാവിന്റെ നാമം വിശുദ്ധീകരിക്കപ്പെടുമ്പോൾ, പുത്രന്റെ രാജ്യം വരുകയും, ആത്മാവിന്റെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിൽ നടപ്പാകുകയും ചെയ്യും: അത് രാജ്യത്തിന്റെ പ്രത്യക്ഷതയുടെ സമയമായിരിക്കും. എന്നാൽ ഇന്ന് രാജ്യത്തിന്റെ യാഥാർത്ഥ്യത്തിലുള്ള നാം ഈ കാര്യങ്ങൾക്കുവേണ്ടി പ്രാർഥിക്കണം.

### *d. നമ്മുടെ അന്നന്നുള്ള അപ്പം ദൈവം നമുക്കു തരേണ്ടതിന് പ്രാർഥിക്കുന്നു*

വാക്യം 11 പറയുന്നു, "അന്നന്നുള്ള ഞങ്ങളുടെ അപ്പം ഇന്നു ഞങ്ങൾക്കു നൽകേണമേ." ഇത് സർവവും-ഉൾക്കൊള്ളുന്ന പ്രാർഥനയാണ്. മാതൃകയായി നൽകപ്പെട്ട പ്രാർഥന ഒന്നാമത് ദൈവത്തിന്റെ നാമത്തിനും, ദൈവത്തിന്റെ രാജ്യത്തിനും, ദൈവത്തിന്റെ ഹിതത്തിനുംവേണ്ടി കരുതുന്നു: പിന്നെ രണ്ടാമതായി നമ്മുടെ ആവശ്യത്തിനുവേണ്ടി കരുതുന്നു. പോരാടുന്ന ഈ പ്രാർഥനയിൽ കർത്താവ് നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി അപ്പോഴും കരുതുമെന്ന് ഇത് വെളിപ്പെടുത്തുന്നു. വാക്യം 11 അനുസരിച്ച്, നമ്മുടെ "അന്നന്നുള്ള അപ്പത്തിനുവേണ്ടി നാം "ഇന്നു" പ്രാർഥിക്കണം. തന്റെ ജനം നാളയെക്കുറിച്ച് വിചാരപ്പെടുവാൻ രാജാവ് ആഗ്രഹിക്കുന്നില്ല (വാ. 34); തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി അവർ ഇന്നു പ്രാർഥിക്കണമെന്നു മാത്രമേ അവൻ ആഗ്രഹിക്കുന്നുള്ളൂ. "അന്നന്നുള്ള അപ്പം" എന്ന പ്രയോഗം വിശ്വാസത്താലുള്ള ജീവിതത്തെ സൂചിപ്പിക്കുന്നു. തങ്ങൾ ശേഖരിച്ചു വച്ചിരിക്കുന്നതിനെ ആശ്രയിച്ച് രാജ്യജനം ജീവിക്കരുത്; മറിച്ച് പിതാവിന്റെ ദിവസേനയുള്ള സഹായത്തെ ആശ്രയിച്ച് വിശ്വാസത്താൽ അവർ ജീവിക്കണം.

### *e. നമ്മുടെ പാപങ്ങൾ ദൈവം ക്ഷമിക്കേണ്ടതിന് പ്രാർഥിക്കുന്നു*

വാക്യം 12 പറയുന്നു, "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ." മൂന്നാമത്, മാതൃകയായ ഈ പ്രാർഥന ദൈവമുമ്പാകെയുള്ള രാജ്യജനത്തിന്റെ പരാജയങ്ങൾക്കും മറ്റുള്ളവരോടുള്ള അവരുടെ ബന്ധത്തിനും വേണ്ടി കരുതുന്നു. സമാധാനം നിലനിർത്തുന്നതിന് അവരുടെ കടക്കാരോട് അവർ ക്ഷമിക്കുന്നതുപോലെ, അവരുടെ കടങ്ങളെയും, അവരുടെ പരാജയങ്ങളെയും, അവരുടെ അതിക്രമങ്ങളെയും ക്ഷമിക്കുവാൻ അവർ പിതാവിനോട് ആവശ്യപ്പെടണം. പോരാടുന്ന ഈ പ്രാർഥനയിൽ നമുക്ക് കുറവുകളും തെറ്റുകളും ദുഷ്പ്രവൃത്തികളും ഉണ്ടെന്ന് നാം സമ്മതിക്കുകയും ഏറ്റുപറയുകയും ചെയ്യണമെന്ന് വാക്യം 12 സൂചിപ്പിക്കുന്നു. നാം മറ്റുള്ളവരോട് കടത്തിലാണ്. തന്മൂലം, പിതാവു നിമിത്തം നാം മറ്റുള്ളവരോടു

**ക്ഷമിക്കുന്നതുപോലെ നമ്മോട് ക്ഷമിക്കുവാൻ പിതാവിനോട് നാം ആവശ്യപ്പെടണം.**

### *f. ദൈവം പരീക്ഷയിൽനിന്നും നമ്മെ കാക്കുവാനും ദുഷ്ടനിൽനിന്നും നമ്മെ വിടുവിക്കുവാനും പ്രാർഥിക്കുന്നു*

വാക്യം 13 പറയുന്നു, "ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ." നാലാമതായി, മാതൃകയായ ഈ പ്രാർഥന ദുഷ്ടനോട് ഇടപെടുന്നതിൽ രാജ്യജനത്തിനുവേണ്ടി കരുതുന്നു. പരീക്ഷയിലേക്ക് കൊണ്ടുവരാതെ പിശാചെന്ന ദുഷ്ടനായ സാത്താനിൽനിന്നും അവരെ വിടുവിക്കുവാൻ അവർ പിതാവിനോട് ആവശ്യപ്പെടണം. രാജാവ് പരീക്ഷയിലേക്ക് നയിക്കപ്പെട്ടു എന്നോർക്കുക. വാക്യം 13-ലെ "പരീക്ഷ" എന്ന പദം വാസ്തവത്തിൽ അർഥമാക്കുന്നത് പ്രലോഭനത്തെയാണ്. നാം പരീക്ഷിക്കപ്പെടുകയും പ്രലോഭിപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു സാഹചര്യത്തലേക്ക് ചിലപ്പോൾ പിതാവ് നമ്മെ കൊണ്ടുവരുന്നു. അങ്ങനെ, നാം പിതാവിനോടു പ്രാർഥിക്കുമ്പോൾ, നമ്മുടെ ബലഹീനത നാം തിരിച്ചറിഞ്ഞുകൊണ്ട്, "പിതാവേ, ഞാൻ വളരെ ബലഹീനനാണ്. എന്നെ പരീക്ഷയിലേക്ക് കൊണ്ടുവരരുതേ" എന്നു പ്രാർഥിക്കണം. നിങ്ങൾ ബലഹീനനാണെന്ന് നിങ്ങൾ സമ്മതിക്കുന്നുവെന്ന് ഇതു വിവക്ഷിക്കുന്നു. നിങ്ങളുടെ ബലഹീനത നിങ്ങൾ തിരിച്ചറിയുന്നില്ലെങ്കിൽ ഈ രീതിയിൽ ഒരുപക്ഷെ നിങ്ങൾ പ്രാർഥിക്കുകയില്ല. മറിച്ച്, നിങ്ങൾ ശക്തനാണെന്ന് നിങ്ങൾക്ക് തോന്നിയേക്കാം. നിങ്ങൾ ഒട്ടുംതന്നെ ശക്തനല്ലെന്ന് നിങ്ങളെ കാണിക്കുവാൻ ആ സമയത്തായിരിക്കും പിതാവ് നിങ്ങളെ പരീക്ഷയിലേക്ക് കൊണ്ടുവരുന്നത്. അങ്ങനെ, നമ്മുടെ ബലഹീനത നമുക്കറിയാമെന്ന് നമ്മുടെ പ്രാർഥനയിൽ പിതാവിനോട് സൂചിപ്പിക്കുന്നതാണ് നല്ലത്. നാം പറയണം, "പിതാവേ, ഞാൻ ബലഹീനനാണെന്ന് ഞാൻ പൂർണമായി തിരിച്ചറിയുന്നു. ദയവുചെയ്ത് എന്നെ പരീക്ഷയിലേക്ക് കൊണ്ടുവരരുതേ. പിതാവേ, നീ ഇത് ചെയ്യുവാൻ ആവശ്യമില്ല, കാരണം എന്റെ ബലഹീനത ഞാൻ തിരിച്ചറിയുന്നു." "എന്തു സംഭവിച്ചാലും എനിക്ക് നിൽക്കുവാൻ കഴിയുമെന്ന് എനിക്കുറപ്പുണ്ട്" എന്ന് ഒരിക്കലും നിങ്ങളോടുതന്നെ പറയരുത്. അതാണ് നിങ്ങളുടെ മനോഭാവമെങ്കിൽ, പ്രലോഭനത്തെ അഭിമുഖീകരിക്കുവാൻ മരുഭൂമിയിലേക്ക് നയിക്കപ്പെടുന്നതിന് ഒരുങ്ങിയിരിക്കുക. അങ്ങനെയുള്ള ഒരു മനോഭാവം ഉണ്ടായിരിക്കുന്നതിനുപകരം പിതാവ് നിങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതിരിക്കുവാനും, അവൻ ദുഷ്ടനിൽനിന്നും നിങ്ങളെ വിടുവിക്കുവാനും പ്രാർഥിക്കുക.

### g. ദൈവത്തിന്റെ രാജ്യത്തെയും, ശക്തിയെയും, മഹത്വത്തെയും തിരിച്ചറിയുന്നു

പ്രാർഥനയുടെ ഈ മാതൃകയനുസരിച്ച് രാജ്യജനം ദൈവത്തിന്റെ രാജ്യത്തെയും, ശക്തിയെയും, മഹത്വത്തെയും തിരിച്ചറിയണം. വാക്യം 13 തുടർന്നു പറയുന്നു, "എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ." രാജ്യം എന്നത് ദൈവം തന്റെ മഹത്വം ആവിഷ്കരിക്കേണ്ടതിന് തന്റെ ശക്തിയെ പ്രയോഗിക്കുവാനുള്ള മണ്ഡലമാണ്.

### 5. പ്രാർഥനയുടെ നിബന്ധന—മറ്റുള്ളവരുടെ അതിക്രമങ്ങളെ അവരോട് ക്ഷമിക്കുന്നത്

പ്രാർഥനയുടെ നിബന്ധന മറ്റുള്ളവരുടെ അതിക്രമങ്ങൾ ക്ഷമിക്കുന്നതാണെന്ന് വാക്യം 14-ഉം 15-ഉം വെളിപ്പെടുത്തുന്നു. ഈ വാക്യങ്ങൾ പറയുന്നു, "എന്തെന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിച്ചാൽ നിങ്ങളുടെ സ്വർഗീയ പിതാവ് നിങ്ങളോടും ക്ഷമിക്കും; എന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ അതിക്രമങ്ങളെ ക്ഷമിക്കാതിരുന്നാൽ നിങ്ങളുടെ പിതാവ് നിങ്ങളുടെ അതിക്രമങ്ങളെയും ക്ഷമിക്കുകയില്ല." "എന്തെന്നാൽ" സൂചിപ്പിക്കുന്നത് 14-ഉം 15-ഉം വാക്യങ്ങളിലുള്ള വാക്ക് രാജ്യജനം എന്തുകൊണ്ട് അവരുടെ കടക്കാരോട് ക്ഷമിക്കണം (വാ.12) എന്നതിനുള്ള ഒരു വിശദീകരണമാണ്. അവർ മനുഷ്യന്റെ അതിക്രമങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ അവരുടെ സ്വർഗീയ പിതാവ് അവരുടെ അതിക്രമങ്ങളും ക്ഷമിക്കുകയില്ല; തന്മൂലം, അവരുടെ പ്രാർഥന തടസ്സപ്പെടും.

## D. ഉപവസിക്കുന്നതിനെ സംബന്ധിച്ച്

16 മുതൽ 18 വരെയുള്ള വാക്യങ്ങളിൽ രാജാവ് ഉപവസിക്കുന്നതിനെ സംബന്ധിച്ച് സംസാരിക്കുന്നു. ഉപവസിക്കുന്നതായി മനുഷ്യർക്ക് പ്രത്യക്ഷമാകുന്നതിനുപകരം നാം രഹസ്യത്തിൽ ഉപവസിക്കണം. വാക്യം 16 പറയുന്നു, "നിങ്ങൾ ഉപവസിക്കുമ്പോൾ വിഷാദമുഖമുള്ള കപടഭക്തിക്കാരെ പ്പോലെ ആകരുത്; എന്തെന്നാൽ അവർ ഉപവസിക്കുന്നതായി മനുഷ്യർക്ക് പ്രത്യക്ഷമാകുവാൻ തക്കവണ്ണം തങ്ങളുടെ മുഖങ്ങളെ വിരൂപമാക്കുന്നു. തങ്ങളുടെ പ്രതിഫലം അവർക്ക് പൂർണമായി ലഭിച്ചിരിക്കുന്നുവെന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു." ഉപവസിക്കുന്നത് ഭക്ഷിക്കാതിരിക്കുന്നതല്ല; ചില കാര്യങ്ങൾക്കു വേണ്ടി പ്രാർഥിക്കുവാൻതക്കവണ്ണം അസഹ്യമായ ഭാരം നിമിത്തം ഭക്ഷിക്കുവാൻ കഴിയാതിരിക്കുന്നതാണ്. ഇത് ദൈവത്തിന്റെ കരുണ അന്വേഷിക്കുന്നതിൽ സ്വയം താഴ്ത്തുന്നതിന്റെ ഒരു ആവിഷ്കാരവുമാണ്. ഭിക്ഷ കൊടുക്കുകയെന്നാൽ നമുക്ക്

കൈവശം വയ്ക്കുവാൻ അവകാശമുള്ളത് കൊടുക്കുന്നതാണ്; എന്നാൽ ഉപവസിക്കുകയെന്നാൽ നമുക്ക് ആസ്വദിക്കുവാൻ അവകാശമുള്ളത് ഉപേക്ഷിക്കുന്നതാണ്.

17-ഉം 18-ഉം വാക്യങ്ങൾ പറയുന്നു, "എന്നാൽ നീ ഉപവസിക്കുമ്പോൾ നിന്റെ തലയെ അഭിഷേകം ചെയ്യ് നിന്റെ മുഖം കഴുകുക, മനുഷ്യർക്കല്ല, രഹസ്യത്തിലുള്ള നിന്റെ പിതാവിന് നീ ഉപവസിക്കുന്നതായി പ്രത്യക്ഷമാകുവാൻ തക്കവണ്ണം തന്നെ; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് മടക്കിത്തരും." നാം ഭിക്ഷ കൊടുക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതുപോലെ നമ്മുടെ ഉപവാസവും മനുഷ്യരുടെ മുമ്പിലല്ല, മറിച്ച് രഹസ്യത്തിലായിരിക്കണമെന്ന് ഇതു സൂചിപ്പിക്കുന്നു. പിതാവ് രഹസ്യത്തിൽ കാണുന്നു, അവൻ നമുക്ക് മടക്കിത്തരും.